3 ഡി ലാപ്രോസ്കോപ്പിയിലൂടെ മൂത്രനാളിയുടെ സ്ഥാനത്ത് അപ്പൻഡിക്സ് തുന്നിച്ചേർത്തു

കൊച്ചി: കൊച്ചി വിപിഎസ് ലേക്‌ഷോർ ആശുപത്രിയിൽ 3ഡി ലാപ്രോസ്കോപ്പിക് ടെക്നോളജി ഉപയോഗിച്ച് 42 കാരൻ പീറ്ററിന്റെ മൂത്രനാളി മാറ്റി പകരം അപ്പൻഡിക്സ് തുന്നിച്ചേർത്തു. മൂത്രനാളിയിലുണ്ടായ മുഴയാണ് ഇത്തരമൊരു പ്രക്രിയയ്ക്കു രോഗിയെ വിധേയമാക്കാൻ കാരണം. രാജ്യത്താദ്യമായാണ് ഇത്തരമൊരു ചികിത്സാരീതി നടത്തുന്നതെന്നും ലോകത്തുതന്നെ ഇതുവരെ ഇത്തരം നാലു കേസുകൾ മാത്രമാണു റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്നും ആശുപത്രി അധികൃതർ അവകാശപ്പെട്ടു.

അടിവയറ്റിൽ വലതുവശത്തായി കടുത്ത വേദനയെത്തുടർന്നു തൃശൂർ സ്വദേശി പറോക്കാരൻ വീട്ടിൽ പീറ്റർ വിവിധ ആശുപത്രികളിൽ ചികിത്സ തേടിയിരുന്നു. ലേക്‌ഷോറിലെ പരിശോധനയിൽ വൃക്കയെ മൂത്രസഞ്ചിയുമായി ബന്ധിപ്പിക്കുന്ന വലതുവശത്തെ മൂത്രനാളിയിൽ നാലു സെന്റിമീറ്റർ വലിപ്പമുള്ള മുഴ കണ്ടെത്തി. മുഴ രോഗിയുടെ വലതു വൃക്കയിൽ തടസം സൃഷ്ടിച്ചു. മൂത്രനാളിയുൾപ്പെടെ വലതു വൃക്ക പൂർണമായി എടുത്തു കളയുകയോ അല്ലെങ്കിൽ മുഴയുൾപ്പെടെ മൂത്രനാളി നാലു സെന്റിമീറ്റർ മുറിച്ചുമാറ്റുകയോ മാത്രമേ പോംവഴിയുണ്ടായിരുന്നുള്ളുവെന്ന് വിപിഎസ് ലേക്‌ഷോറിലെ ചീഫ് യൂറോളജി സർജൻ ഡോ. ജോർജ് പി. എബ്രഹാം പറഞ്ഞു. 3ഡി ലാപ്രോസ്കോപ്പിയുടെ സഹായത്തോടെ ഡോക്ടർമാർ മൂത്രനാളിയുടെ മുഴയടക്കമുള്ള ഭാഗം മുറിച്ചുമാറ്റി. മുഴ മുറിച്ചുമാറ്റിയതുമൂലമുണ്ടായ വിടവു കാരണം മൂത്രസഞ്ചിയുടെ മുകൾഭാഗവും താഴത്തെ ഭാഗവും തമ്മിൽ ബന്ധിപ്പിക്കാനാകുമായിരുന്നില്ല.

ഉദരഭാഗങ്ങൾ കൂടിക്കുഴഞ്ഞു കിടക്കുന്നതു കാരണം മൂത്രസഞ്ചിയിലെ കോശങ്ങൾ ഉപയോഗിച്ചു പുതിയ കുഴൽ നിർമിക്കുക അസാധ്യമായിരുന്നു. അതുകൊണ്ട് അപ്പൻഡിക്സ് ഉപയോഗിച്ചു വിടവു നികത്താൻ തീരുമാനിച്ചു. മൂത്രസഞ്ചിയും അപ്പൻഡിക്സും ഏകദേശം ഒരേ വലിപ്പമാണെന്നു ഡോ. ജോർജ് പി. എബ്രഹാം പറഞ്ഞു. രക്തധമനികളടക്കം അപ്പൻഡിക്സിനെ ആമാശയത്തിൽനിന്നു വേർപെടുത്തി ലാപ്രോസ്കോപ്പിയിലൂടെ മൂത്രനാളിയുമായി ബന്ധിപ്പിച്ചു വലത് കിഡ്നിയിൽനിന്നു തടസമില്ലാത്ത മൂത്രമൊഴുക്കു പുനഃസ്ഥാപിക്കുകയാണു ചെയ്തതെന്ന് അദ്ദേഹം പറഞ്ഞു. ചികിത്സയ്ക്കുശേഷം രോഗി സുഖം പ്രാപിക്കുകയും നാലാംനാൾ ആശുപത്രി വിടുകയും ചെയ്തുവെന്നും അദ്ദേഹം പറഞ്ഞു.

ഡോ. ജോർജ് പി. എബ്രഹാമിനെ കൂടാതെ ഡോ. ഡാറ്റ്സൺ ജോർജ്, ഡോ. വിജയ്, ഡോ. മോഹൻ മാത്യു എന്നിവരടങ്ങുന്ന സംഘമാണു ചികിത്സയ്ക്കു നേതൃത്വം നൽകിയത്. ഗൾഫിൽ ജോലി ചെയ്തിരുന്ന പീറ്റർ ഇപ്പോൾ നാട്ടിൽ വിശ്രമജീവിതത്തിലാണ്.



3ഡി ലാപ്രോസ്കോപ്പിക് പ്രക്രിയയ്ക്കു വിധേയനായ പീറ്റർ (നടുവിൽ) ഡോക്ടർമാരായ ഡോ. ഡാറ്റ്സൺ ജോർജ് (ഇടത്ത്), ഡോ. ജോർജ് പി. എബ്രഹാം എന്നിവരോടൊപ്പം

വിപിഎസ് ലേക്‌ഷോറിൽ 3ഡി ലാപ്പറോസ്കോപിയിലൂടെ മൂത്രക്കുഴലിന്റെ സ്ഥാനത്ത് അപ്പൻഡിക്സ് തുന്നിച്ചേർത്തു

കൊച്ചി: രാജ്യത്താദ്യമായി കൊച്ചി വിപിഎസ് ലേക്‌ഷോർ ആശുപത്രിയിൽ 3ഡി ലാപ്പറോസ്കോപിക് ടെക്നോളജി ഉപയോഗിച്ച് 42 കാരൻ പീറ്ററിന്റെ മൂത്രക്കുഴൽ മാറ്റി പകരം അപ്പൻഡിക്സ് തുന്നിച്ചേർത്തു. മൂത്രക്കുഴലിലുണ്ടായ മുഴയാണ് ഇത്തരമൊരു പ്രക്രിയയ്ക്ക് രോഗിയെ വിധേയമാക്കാൻ കാരണം. ലോകത്തിൽ തന്നെ ഇതുവരെ ഇത്തരം നാല് കേസുകൾ മാത്രമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് ആശുപത്രി അധികൃതർ പറഞ്ഞു.

അടിവയറ്റിൽ വലതുവശത്തായി കടുത്ത വേദനയെത്തുടർന്ന് തൃശൂർ സ്വദേശിയായ പീറ്റർ വിവിധ ആശുപത്രികളിൽ ചികിത്സ തേടിയെങ്കിലും, രോഗകാരണം കണ്ടുപിടിക്കാനായില്ല. തുടർന്നാണ് വിപിഎസ് ലേക്‌ഷോർ ആശുപത്രിയിലെത്തിയത്. പരിശോധനയിൽ വൃക്കയെ മൂത്രസഞ്ചിയുമായി ബന്ധിപ്പിക്കുന്ന വലതു മൂത്രക്കുഴലിൽ 4 സെന്റീ വലിപ്പമുള്ള മുഴ കണ്ടെത്തി. മുഴ രോഗിയുടെ വലതു വൃക്കയിൽ തടസം സൃഷ്ടിച്ചു. കുഴലുൾപ്പെടെ വലതു വൃക്ക പൂർണമായി എടുത്തുകളയുകയോ അല്ലെങ്കിൽ മുഴയുൾപ്പെടെ മൂത്രക്കുഴൽ 4 സെന്റീ മുറിച്ചുമാറ്റുകയോ മാത്രമേ പോംവഴിയുണ്ടായിരുന്നുള്ളൂവെന്ന് വിപിഎസ് ലേക്‌ഷോറിലെ ചീഫ് യൂറോളജി സർജൻ ഡോ. ജോർജ് പി. എബ്രഹാം പറഞ്ഞു.

3ഡി ലാപ്പറോസ്കോപിയുടെ സഹായത്തോടെ ഡോക്ടർമാർ മൂത്രസഞ്ചിയുടെ മുഴയടക്കമുള്ള 4 സെന്റീമീ. മുറിച്ചുമാറ്റി. മുഴ മുറിച്ചുമാറ്റിയതുമൂലമുണ്ടായ വിടവ് കാരണം മൂത്രസഞ്ചിയുടെ മുകൾ ഭാഗവും താഴത്തെ ഭാഗവും തമ്മിൽ ബന്ധിപ്പിക്കാനാകുമായിരുന്നില്ല. ഉദരഭാഗങ്ങൾ കൂടിക്കുഴഞ്ഞ് കിടക്കുന്നത് കാരണം മൂത്രസഞ്ചിയിലെ കോശങ്ങൾ ഉപയോഗിച്ച് പുതിയ കുഴൽ നിർമിക്കുക അസാധ്യമായിരുന്നു. അതുകൊണ്ട് അപ്പൻഡിക്സ് ഉപയോഗിച്ച് വിടവ് നികത്താൻ തീരുമാനിച്ചു. മൂത്രസഞ്ചിയും അപ്പൻഡിക്സും ഏകദേശം ഒരേ വലിപ്പമാണ്, ഡോ. ജോർജ് പി. എബ്രഹാം പറഞ്ഞു.

രക്തധമനികളടക്കം അപ്പൻഡിക്സിനെ ആമാശയത്തിൽ നിന്നും വേർപ്പെടുത്തി ലാപ്പറോസ്കോപിയിലൂടെ മൂത്രക്കുഴലുമായി ബന്ധിപ്പിച്ച് വലത് കിഡ്നിയിൽ നിന്നും തടസ്സമില്ലാത്ത മൂത്രമൊഴുക്ക് പുനഃസ്ഥാപിക്കുകയാണ് ചെയ്തതെന്ന് അദ്ദേഹം പറഞ്ഞു. പ്രക്രിയയ്ക്ക് ശേഷം രോഗി സുഖം പ്രാപിക്കുകയും നാലാം നാൾ ആശുപത്രി വിടുകയും ചെയ്തുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഡോ. ജോർജ് പി. എബ്രഹാമിനെ കൂടാതെ ഡോ. ഡാറ്റ്സൺ ജോർജ്, ഡോ. വിജയ്, ഡോ. മോഹൻ മാത്യു എന്നിവരടങ്ങുന്ന സംഘമാണ് പ്രക്രിയയ്ക്ക് നേതൃത്വം നൽകിയത്. ശരീരത്തിൽ കാര്യമായ പ്രവർത്തനമൊന്നുമില്ലാത്ത അപ്പൻഡിക്സ് ഇത്തരം പകരം വെയ്ക്കലിന് ഉപയോഗിക്കാവുന്നതാണെന്ന് ഡോക്ടർമാർ പറയുന്നു.

■ മൂത്രക്കുഴലിലെ മുഴ മാറ്റി പകരം ആ സ്ഥാനത്ത് അപ്പൻഡിക്സ് തുന്നിച്ചേർക്കാൻ 3ഡി ലാപ്പറോസ്കോപി പ്രക്രിയയ്ക്ക് വിധേയനായ പീറ്റർ (നടുവിൽ) ഡോക്ടർമാരായ ഡോ. ഡാറ്റ്സൺ ജോർജ് (ഇടത്ത്), ഡോ. ജോർജ് പി. എബ്രഹാം എന്നിവരോടൊപ്പം.